ത്തോ, യൂറോപ്പിലോ, ആ യുദ്ധം പൊട്ടിപ്പുറപ്പെടുകയും, അണുബോംബുകളുടെ അഗ്നിജ്വാലകളിൽ യൂറോപ്പിലെ സമ്പന്നരാജ്യങ്ങൾ ചാരമായി മാറുകയും ചെയ്യുന്നില്ലെങ്കിൽ.

അങ്ങനെ ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ, അതു കാണാൻ ജീവിച്ചിരിക്കേണ്ട ഭാഗ്യമോ,നിർഭാഗ്യമോ ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും ഉണ്ടായിക്കൂടെന്നില്ല.

29 ആഗസ്റ്റ്, 1982

# 25. അന്താരാഷ്ട്രീയ സമുദ്രനിയമം

ഭൂമുഖത്തിൽ പത്തിന് ഏഴ് ഭാഗത്തും കടലാണ്; പത്തിനു മൂന്നു ഭാഗത്തു മാത്രമേ കരയുള്ളു. കരയിൽ, ദക്ഷിണധ്രുവം ഒഴിച്ച് മററുള്ളതെല്ലാം ഓരോ രാജ്യവും പങ്കിട്ടെടുത്തുകഴിഞ്ഞു. ദക്ഷിണധ്രുവത്തിന്റെ ആധിപത്യത്തെച്ചൊല്ലിയും തർക്കങ്ങളുണ്ട്.

കടലിന്റെ കാര്യമോ? കരയ്ക്കടുത്തു കിടക്കുന്ന ഏതാനും മൈൽ സ്ഥലം അതാതു രാജ്യത്തിന്റെയാണെന്നു കരുതപ്പെട്ടിരുന്നു. പുറംകടലിൽ ആർക്കും പ്രത്യേകാധികാരങ്ങൾ ഉണ്ടായിരുന്നില്ല. ഇതിനർത്ഥം, ഏററവും വലിയ കടൽപടയുള്ളവർക്ക് അവകാശപ്പെട്ടതാണ് പുറംകടൽ എന്നായിരുന്നു. അങ്ങനെയാണ് ബ്രിട്ടൻ 'തിരമാലകളെ ഭരിക്കുന്ന രാജ്യ'മായതു്.

ഗതാഗതത്തിനും മത്സ്യബന്ധനത്തിനുമാണ് കടൽ മുഖ്യമായും ഉപകരിച്ചിരുന്നതു്. കടലിന്റെ അടിയിൽ എന്താണുള്ളതെന്ന അന്വേഷണം മനുഷ്യർ ആരംഭിച്ചതു് താരതമ്യേന അടുത്ത കാലത്തു മാത്രമാണ്. ഈ അന്വേഷണത്തിന്റെ ഫലമായി, സമുദ്രതലത്തിൽ വലിയ തോതിൽ എണ്ണയുണ്ടെന്നു കാണാൻ കഴിഞ്ഞു. ഈ എണ്ണ കുഴിച്ചെടുക്കാനും തുടങ്ങിയിട്ടുണ്ട്. സാമ്രാജ്യം പിരിച്ചുവിട്ടതിനു ശേഷവും ഗ്രേററ് ബ്രിട്ടൻ ഒരു വൻശക്തിയായി തുടരുന്നുണ്ടെങ്കിൽ അതിന് ആധാരം നോർത്ത്സീയിൽ കടലിന്നടിയിൽനിന്നു കുഴിച്ചെടുക്കുന്ന എണ്ണയാണ്. ഇന്ത്യയും, ചുരുങ്ങിയ തോതിലെങ്കിലും, കടലിൽനിന്ന് എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങിയിട്ടുണ്ടല്ലോ. ഇന്നത്തെ അറിവുവെച്ചു നോക്കുമ്പോൾ, എണ്ണയ്ക്കുവേണ്ടി ഇന്ത്യ ഏറെക്കുറെ പൂർണമായും കടലിനെത്തന്നെ ആശ്രയിക്കേണ്ടിവരുമെന്നാണു തോന്നുന്നതു്.

എണ്ണയ്ക്കു പുറമെ, നിക്കൽ, കോബാൾട്ട്, ബോക്സൈററ് മുതലായ അനേകം അമൂല്യ ലോഹങ്ങളുടെ അനന്തനിക്ഷേപങ്ങളും കടലിലുണ്ട്. ഇവയിൽ പലതും പെറിയ ചരലുകളുടെ ആകൃതിയിൽ സമുദ്രതലത്തിൽ അടിഞ്ഞുകിടക്കുകയാണ്; പുഴയിലെ ലോഹമണൽപോലെ. വാരിയെടുത്തു സംസ്കരിച്ചാൽ മതി. പക്ഷേ, ദുർഘടം; വെള്ളത്തിൽ എത്രയോ മീററർ താഴെയാണ് ഈ അനന്തസമ്പത്ത്. ആഴക്കടലിൽ ലോഹഖനനത്തിന് പ്രത്യേക യന്ത്രസംവിധാനങ്ങളും പ്രത്യേക വൈദഗ്ദ്ധ്യവും വൻതോതിൽ മൂലധന നിക്ഷേപവും ആവശ്യമുണ്ട്. ദരിദ്രരാജ്യങ്ങളുടെ കൈവശമാകട്ടെ ഇതൊന്നുമില്ല. അതിനാൽ കടലിനടിയിലെ ധനം എടുത്തുപയോഗിക്കാനുള്ള കഴിവ് ഇന്ന് സമ്പന്നരാജ്യങ്ങൾക്കു മാത്രമേയുള്ളു. ഈ വിഭവങ്ങൾ മനുഷ്യവർഗത്തിന്റെ മുഴുവൻ നന്മയ്ക്ക് ഉപയോഗപ്പെടുത്തുകയാണ് ന്യായം. കാരണം കടലിനടിയിലെ ധനം മനുഷ്യവർഗത്തിന്റെ പൊതുപൈതൃകമാണ്. ഈ ധനം ഖനനം ചെയ്യുന്നതും ഉപയോഗിക്കുന്ന

ത്തും എന്തുകൊണ്ട് ഐക്യരാഷ്ട്രസമിതിയുടെ ഉത്തരവാദിത്വത്തിൽ ആയിക്കൂടാ?

ഇക്കഴിഞ്ഞ പത്തു വർഷത്തോളമായി ഐക്യരാഷ്ട്രസമിതിയിൽ ഇതിനുള്ള ശ്രമം നടന്നുവരികയാണ്. ആഗോളവ്യാപകമായ സമുദ്രനിയമം സംബന്ധിച്ച ഒരു അന്താരാഷ്ട്രീയ സന്ധിയുടെ കരടുരേഖയെപ്പററി എട്ടു കൊല്ലമായി ഐക്യരാഷ്ട്രസമിതി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. ഈ മെയ്മാസം ആരംഭത്തിൽ, നൂററിമുപ്പതു രാജ്യങ്ങൾ ഈ കരടുനിയമത്തിന് അംഗീകാരം നല്കുകയും ചെയ്തു. ഈ നിയമമനുസരിച്ച്, കരയിൽനിന്ന് പന്ത്രണ്ടു മൈൽവരെ ദൂരത്തിൽ കടൽ അതാതു രാജ്യത്തിന്റെ അതിർത്തിയ്ക്കകത്ത് (ടെറിറേററിയൽ വാട്ടർ) ആയിരിക്കും. അവിടെ, അതാതു രാജ്യത്തിന്റെ അനുമതി കൂടാതെ മററു രാജ്യക്കാർക്ക് പ്രവേശിച്ചുകൂടാ. കരയിൽനിന്ന് ഇരുന്നൂറു മൈൽവരെ ദൂരത്തിലുള്ള കടൽ അതാതു രാജ്യത്തിന്റെ സാമ്പത്തികമേഖല (ഇക്കണോമിക് സോൺ) ആയി കണക്കാക്കപ്പെടും. ഈ പ്രദേശത്ത് മീൻ പിടിക്കുന്നതിനുള്ള അവകാശം അതാതു രാജ്യത്തിനു മാത്രമേ ഉണ്ടാവൂ. കരയിൽനിന്ന് മുന്നൂററമ്പതു മൈൽവരെ ദൂരത്തിലുള്ള കടലിൽനിന്ന് മണ്ണെണ്ണയും ഗ്യാസും കുഴിച്ചെടുക്കാൻ അതാതു രാജ്യത്തിനേ അധികാരം ഉണ്ടായിരിക്കൂ. അതിനും അപ്പുറത്തുള്ള കടൽ എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അവിടെ ഖനനം നടത്തുവാൻ ഐക്യരാഷ്ട്രസമിതിയുടെ കീഴിൽ ഒരു ലോകസംഘടന (ലോകബാങ്കും മററുംപോലെ) രൂപവത്ക്കരിക്കും. ഈ സംഘടനയ്ക്കുന്നപോലെ, അതിന്റെ അംഗീകാരത്തോടെ സ്വകാര്യക്കമ്പനികൾക്കും ആഴക്കടലിൽ ഖനനം നടത്താം. എന്നാൽ, സ്വകാര്യക്കമ്പനികൾ അവയുടെ അറിവും വൈദഗ്ധ്യവും സാങ്കേതിക പരിചയവും ലോകസംഘടനയ്ക്കുകൂടി ലഭ്യമാക്കണം.

ഇതിനു പുറമെ, പുറംകടലിലും, കടലിടുക്കുകളിലും ഗതാഗതസ്വാതന്ത്ര്യം സംബന്ധിച്ച വകുപ്പുകളും സമുദ്രനിയമത്തിന്റെ കരടുരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ലോകജനതയിൽ ഭൂരിപക്ഷം തിങ്ങിപ്പാർക്കുന്ന ദരിദ്രരാജ്യങ്ങൾക്ക് ഏററവും ഗുണകരമാണ് ഈ സമുദ്രനിയമം. അതിനാൽ, ആ നിയമം പാസ്സാക്കിയെടുക്കുന്നതിനുള്ള പരിശ്രമത്തിന്റെ നേതൃത്വം വഹിക്കുന്നത്, സ്വാഭാവികമായും, ചേരിചേരാ രാജ്യങ്ങളാണ്.

റേയ്ഗൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുംവരെ, അമേരിക്കയും ഇത്തരമൊരു സമുദ്രനിയമം ഉണ്ടാക്കുന്നതിനെ അനുകൂലിച്ചിരുന്നു. ആലോചനയിലുള്ള കരടുനിയമത്തിൽ പല ഭേദഗതികളും വരുത്താനുണ്ടെന്ന്, കഴിഞ്ഞ ആണ്ടിൽ അമേരിക്കൻ പ്രതിനിധി അറിയിച്ചപ്പോൾ, പലർക്കും അതൊരത്ഭുതമായിരുന്നു. പിന്നീട് അമേരിക്ക അവതരിപ്പിച്ച ഭേദഗതികൾ നാല്പതു പേജുകൾ നിറച്ച് ഉണ്ടായിരുന്നുവത്രെ. 'ഭേദഗതികളുടെ ഒരു എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക' എന്നാണ് അമേരിക്കൻ സ്റേററ് സെക്രട്ടറി അലക്സാണ്ടർ ഹേഗ്തന്നെ ഇവയെ വിവരിച്ചത്. കടലിനടിയിലെ വിഭവങ്ങൾ ഖനനം ചെയ്തെടുക്കാൻ സ്വകാര്യക്കമ്പനികൾക്ക് അനിയന്ത്രിതമായ അധികാരം വേണമെന്നതാണ് അമേരിക്കൻ ഭേദഗതികളിലെ മുഖ്യമായ ഒരംശം. അതായത്, ആഴക്കടൽ ഖനനത്തിന്റെ ലാഭം മുഴുവൻ കിട്ടുന്നത് സമ്പന്നരാജ്യങ്ങളിലെ കുത്തകക്കമ്പനികൾക്കായിരിക്കണം. രണ്ടാമത്, ഒപ്പുവെച്ച രാജ്യങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം യോജിക്കുന്ന പക്ഷം അന്താരാഷ്ട്രീയ സമുദ്രനിയമത്തിൽ ഭേദഗതി വരുത്താമെന്ന വ്യവസ്ഥയ്ക്കും അമേരിക്ക എതിരാണ്. എണ്ണത്തിൽ കൂടുതലുള്ള ദരിദ്ര രാജ്യങ്ങൾക്ക് അത്തരമൊരധികാരം നല്കിയാൽ, അതു് അമേരിക്കയ്ക്കെതിരായി പ്രയോഗിക്കപ്പെട്ടാലോ?

അമേരിക്കയുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാൻ മററു രാജ്യങ്ങൾ തയ്യാറായിരുന്നു. ഇതിനായി അവർ പല വിട്ടുവീഴ്ചകളും ചെയ്യുകയുണ്ടായി. എന്നിട്ടും സമുദ്രനിയമത്തെ അമേരിക്ക അനുകൂലിച്ചില്ല. കൂടുതൽ ക്രമബദ്ധമായും പ്രത്യുല്പാദനപരമായും ആഴക്കടൽ ഉപയോഗപ്പെടുത്താൻ ഈ നിയമം സഹായിക്കുകയില്ല എന്ന് അമേരിക്കൻ പ്രതിനിധി പ്രഖ്യാപിച്ചു. അമേരിക്ക, തുർക്കി, ഇസ്രായേൽ, വെനെസ്വേല എന്നീ രാജ്യങ്ങൾ നിയമത്തിന്റെ കരടിനെതിരെ വോട്ടു ചെയ്തു. പല യൂറോപ്യൻ രാജ്യങ്ങളും റുമാനിയ ഒഴികെ സോവിയററ് ചേരിയിലുള്ള പല രാജ്യങ്ങളും വോട്ടെടുപ്പിൽനിന്നു വിട്ടുനില്ക്കുകയും ചെയ്തു. നൂററിയിരുപത്തിനാലു രാജ്യങ്ങൾ കരടുനിയമത്തിന് അനുകൂലമായി വോട്ടു രേഖപ്പെടുത്തി.

വരുന്ന ഡിസംബറിൽ തെക്കേ അമേരിക്കയിലെ വെനെസ്വേലയിൽ വെച്ചാണ് അന്താരാഷ്ട്രീയ സമുദ്രനിയമം സംബന്ധിച്ച കരാർ അവസാനമായി ഒപ്പിടേണ്ടത്. വെനെസ്വേല കരടുനിയമത്തെ എതിർത്തിരിക്കുന്ന സ്ഥിതിക്ക് ഈ ഒപ്പുവെക്കൽ നടക്കുമോ എന്നറിഞ്ഞുകൂടാ. ഐക്യരാഷ്ട്ര സമിതിയിലെ നൂററമ്പത്തെട്ട് അംഗരാജ്യങ്ങളിൽ എത്ര രാജ്യങ്ങൾ, ഒടുവിൽ, ഈ നിയമത്തെ അനുകൂലിക്കാനുണ്ടാകും എന്നും കണ്ടറിയേണ്ടിയിരിക്കുന്നു. അമേരിക്കയും സോവിയററ് യൂണിയനുംപോലുള്ള സമ്പന്നരാജ്യങ്ങൾ അംഗീകരിക്കാത്ത ഒരു അന്താരാഷ്ട്രീയ നിയമത്തിന് എത്രമാത്രം പ്രാബല്യമുണ്ടാവും എന്നും പറയാനാവില്ല. ചുരുക്കത്തിൽ, പുറംകടലിൽ ഇനിയും വളരെക്കാലത്തേക്ക് 'മത്സ്യനിയമം' മാത്രമേ നിലവിലുണ്ടാവൂ— 'തന്നിലിളയതു തനിക്കിര' എന്നും, 'കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്നുമുള്ള മാത്സ്യന്യായം!

അന്താരാഷ്ട്രീയ സമുദ്രനിയമത്തെപ്പററി ക്യൂബയിലെ 'ഗ്രാൻമ' എന്ന പത്രം എഴുതുന്നു:

'സമുദ്രനിയമത്തിൽ സർവസമ്മതമായ ഒരു തീരുമാനം ആസന്നമാണെന്ന് ഒരു കൊല്ലം മുമ്പ് തോന്നിയിരുന്നു. പക്ഷേ, കരടുനിയമം തള്ളിക്കളയുകവഴി റേയ്ഗൻ ഭരണം ഇപ്പോൾ ഒരു സ്തംഭനാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. വളരെ പുരോഗമിച്ച ഒന്നാണ് ഈ കരടുനിയമം. എല്ലാ രാജ്യങ്ങളുടെയും താല്പര്യങ്ങളുടെ സന്തുലനം അതിൽ കൈവരുത്തിയിരിക്കുന്നു. ഇതിനായി പല രാജ്യങ്ങളും ഗണ്യമായ വിട്ടുവീഴ്ചകൾ ചെയ്തിരിക്കുന്നു. തങ്ങളുടെ അന്താരാഷ്ട്രീയകുത്തകക്കമ്പനികൾക്കു തോന്നിയപോലെ സമുദ്രതലത്തിലെ അനന്തവിഭവങ്ങൾ കൊള്ളയടിക്കുന്നതു സാദ്ധ്യമാക്കണമെന്നതാണ് അമേരിക്കയുടെ ആവശ്യം. രാഷ്ട്രങ്ങളുടെ അധികാരാതിർത്തിക്കു പുറത്തു കിടക്കുന്ന ഈ വിഭവങ്ങൾ മനുഷ്യവർഗത്തിന്റെ പൊതുസ്വത്താണ്. ഈ ധനം ഉപയോഗപ്പെടുത്തുന്നതിനായി രൂപവല്ക്കരിക്കപ്പെടുന്ന അന്താരാഷ്ട്രീയസ്ഥാപനത്തിൽ അവസാനമായി തീർപ്പു കല്പിക്കുന്നതിനുള്ള അധികാരം തങ്ങൾക്ക് ആയിരിക്കണമെന്നും അമേരിക്ക ആവശ്യപ്പെടുന്നു. ഇത്തരം അധികാരം അന്താരാഷ്ട്രീയ നാണയനിധിയിലും (ഐ. എം. എഫ്.) ലോകബാങ്കിലും (വേൾഡ് ബാങ്ക്) അമേരിക്ക ഇപ്പോൾ ചെലുത്തുന്നുണ്ടല്ലോ. കടലിനടിയിലെ വിഭവങ്ങൾ എടുത്തുപയോഗിക്കുമ്പോൾ അവികസിതരാജ്യങ്ങൾക്ക് ന്യായമായ അംശം കിട്ടുമെന്ന് ഉറപ്പു നല്കുന്ന വകുപ്പുകൾ എടുത്തുകളയാനും അമേരിക്കൻ ഗവണ്മെൻറ് ആഗ്രഹിക്കുന്നു.'

സമുദ്രനിയമം സംബന്ധിച്ച കരാറിൽ ഒപ്പുവെക്കാത്ത രാജ്യങ്ങൾ ഇപ്പോഴത്തെപ്പോലെ ഏകപക്ഷീയമായോ ഉഭയകക്ഷി അടിസ്ഥാനത്തിലുള്ള സന്ധികൾ ചെയ്തോ, സമുദ്രതലഖനനം നടത്താൻ തയ്യാറായേക്കും. വ്യാപകങ്ങളായ സംഘർഷങ്ങൾ ഇതിൻ ഫലമായി ഉണ്ടായിക്കൂടെന്നില്ല.